കണ്ണപുരം പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വിജ്ഞാപനം താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

**90 (90) പോലീസ്സേനാ അംഗങ്ങളുടെ പരിശീലന പരിപാടി**

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സി.കെ. രാജേന്ദ്രൻ :

(എ) സംസ്ഥാനത്ത് മെച്ചപ്പെട്ടതും മാതൃകാപരവുമായ ജനസമ്പർക്കം ഉദ്ദേശിച്ചുകൊണ്ട് പോലീസ് സേനാംഗങ്ങളുടെ പരിശീലന പരിപാടിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പോലീസ് സേനാംഗങ്ങളുടെ പുതിയ പരിശീലന പദ്ധതി സംസ്ഥാനത്ത് എന്നുമുതൽ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ പദ്ധതി പ്രകാരം പരിശീലനം പൂർത്തിയാക്കിയ പോലീസ് സേനാംഗങ്ങളെ എന്നുമുതൽ ജോലിക്ക് നിയോഗിക്കാനാകും എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യ മാറ്റങ്ങൾക്ക് അനുസൃതമായി പൊതുജനങ്ങളുമായി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സമ്പർക്കം പുലർത്തുന്നതിലേക്കായി പോലീസ് സേനാംഗങ്ങളുടെ പരിശീലനത്തിൽ കാതലായ മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി)&(സി) ഉണ്ട്. പരിശീലന ക്ലാസ്സുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി)&(ഇ) 1.12.1998-ൽ പരിശീലനം തുടങ്ങിയ ബാച്ചുമുതൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ജോലിയ്ക്ക് നിയോഗിക്കാനാകും.

**91 (91) കെ.എ.പി. ബെറ്റാലിയനിലെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്**

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. അഞ്ചാം ബറ്റാലിയനിലേയ്ക്ക് കോൺസ്റ്റബിൾ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ:

(ബി) എങ്കിൽ പി.എസ്.സി. വിജ്ഞാപന സമയത്ത് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിനുശേഷം ഇതുവരെയായി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഇതുവരെയായി എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(ഇ) ഒരേസമയം എത്ര പേർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യമാണ് ട്രെയിനിംഗ് സെന്ററിലുള്ളത്;

(എഫ്) ഇനി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് അറിയിക്കുമോ;

(ജി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുമ്പ് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് പരിശീലനം ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 190 ഒഴിവുകൾ.

(സി) 380 ഒഴിവുകൾ.

(ഡി) 570 പേർക്ക്.

(ഇ) 200 പേർക്ക്.

(എഫ്) ഇപ്പോൾ ഒഴിവുകൾ ഇല്ല.

(ജി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## 92 (92) എസ്.എ.പി. ബറ്റാലിയൻ പരിശീലനത്തിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് എസ്.എ.പി. ബറ്റാലിയനിലേയ്ക്ക് 1998 നവംബറിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 715 പോലീസ് കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുവാൻ തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിൽ സൗകര്യമുണ്ടായിട്ടും മലപ്പുറം ജില്ലയിലെ പാണ്ടിക്കാട്ടുള്ള (കളപ്പറമ്പ്) എം.എസ്.പി. ക്യാമ്പിൽ പരിശീലനം നൽകുവാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ജലദൗർലഭ്യമുൾപ്പെടെ വളരെയേറെ ബുദ്ധിമുട്ടുകളുള്ള പാണ്ടിക്കാട് എം.എസ്.പി. ക്യാമ്പിൽ പരിശീലനം നൽകാൻ തീരുമാനിച്ചതു മൂലം ഭീമമായ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ 715 പേരേയും തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലേയ്ക്ക് മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly